*22-09-2020*

# വൊക്കേഷണൽ ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനം 2020

## രണ്ടാം അലോട്ട്മെന്റ്

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ ഏകജാലക പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് **www.vhscap.kerala.gov.in** എന്ന വെബ്സൈറ്റിൽ സെപ്റ്റംബർ **22** ന് പ്രസിദ്ധീകരിച്ചു.

- Second Allotment Result എന്ന ലിങ്കിൽ അപേക്ഷാ നമ്പരും ജനനതീയതിയും ടൈപ്പ് ചെയ്ത് അപേക്ഷകർക്ക് അലോട്ട്മെന്റ് വിവരങ്ങൾ മനസിലാക്കുന്നതിനും അലോട്ട്മെന്റ് സ്ലിപ്പ് ഡൗൺലോഡ് ചെയ്യുന്നതിനും കഴിയും.
- രണ്ടാം അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ 25/09/2020, 4.00 മണി വരെ സ്കൂളുകളിൽ പ്രവേശനം നേടാവുന്നതാണ്.
- **ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക്, സ്ഥിര പ്രവേശനം ആണ് ലഭിക്കുന്നത്. ഇവർക്ക് താത്കാലിക പ്രവേശനം അനുവദനീയമല്ല.**
- താഴ്ന്ന ഓപ്ഷനിലാണ് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതെങ്കിൽ ഉയർന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കാൻ കാത്തിരിക്കുന്നതിനായി വിദ്യാർത്ഥിക്ക് താൽക്കാലിക പ്രവേശനം നേടാം.
- താൽക്കാലിക പ്രവേശനം നേടുന്ന വിദ്യാർത്ഥിക്ക് നിശ്ചിത ഫോർമാറ്റിൽ (ഫോം 11 P) അപേക്ഷ നൽകി സ്ഥിര പ്രവേശനം നേടുന്നതിനും അവസരം ഉണ്ട്.
- താൽക്കാലിക പ്രവേശനം നേടുന്ന വിദ്യാർത്ഥി ഫോം 11 T യും സ്ഥിര പ്രവേശനം നേടുന്ന വിദ്യാർത്ഥി ഫോം 11 P യും പൂരിപ്പിച്ച് നൽകണം.
- വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റ് സ്ലിപ്പ് ഇല്ലാതെ അഡ്മിഷൻ ലഭിക്കില്ല.
- അഡ്മിഷന് ഹാജരാകുമ്പോൾ, വിദ്യാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട എല്ലാ വിവരങ്ങളും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.
- അലോട്ട്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥി, 25/09/2020 വൈകുന്നേരം 4.00 മണിക്ക് മുമ്പ് അഡ്മിഷൻ ലഭിച്ച സ്കൂളിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരമായോ താൽക്കാലികമായോ ആയ അഡ്മിഷൻ നേടാതിരുന്നാൽ, വിദ്യാർത്ഥി അഡ്മിഷൻ പ്രോസസിൽനിന്നും പുറത്താകും. കൃത്യസമയത്തിനുള്ളിൽ സ്കൂളുകളിൽ റിപ്പോർട്ട് ചെയ്യാത്ത വിദ്യാർത്ഥികൾക്ക് പിന്നീട് അഡ്മിഷൻ ലഭിക്കുന്നതല്ല.
- താൽക്കാലിക പ്രവേശനം നേടുമ്പോൾ വിദ്യാർത്ഥി ഫീസ് നൽകേണ്ടതില്ല. എന്നാൽ സ്ഥിര പ്രവേശനം നേടുമ്പോൾ നിശ്ചിത ഫീസ് നൽകണം.

### ഓപ്ഷൻ വ്യതിയാനം സാധ്യമല്ല

താൽക്കാലിക പ്രവേശനം നേടുന്ന വിദ്യാർത്ഥിക്ക് ഹയർ ഓപ്ഷനുകൾ ഏതെങ്കിലും ഡിലീറ്റ് ചെയ്യാമെന്നല്ലാതെ ഓപ്ഷൻ ചെയ്ഞ്ചിന് സാധിക്കുകയില്ല.

**ഏകജാലക കോ ഓർഡിനേറ്റർ**